"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കൊണ്ടോട്ടി സബ് ട്രഷറിയിൽ നിലനിർത്തിയിട്ടുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും റസ്യൂം ചെയ്ത 10,01,213 രൂപ കുടുംബശ്രീയുടെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് റീ അലോക്കേറ്റ് ചെയ്യുന്നതിനുള്ള ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.431/2026/LSGD തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:- 21.01.2026 തീയതിയിലെ സ.ഉ(സാധാ.) നം. 177/2026/ എൽ.എസ്.ജി.ഡി

**<u>ഉത്തരവ്</u>**

കുടുംബശ്രീയുടെ പ്ലാൻ ഫണ്ട് ശീർഷകത്തിൽ നിന്നും മലപ്പുറം ജില്ലാ മിഷന് അനുവദിച്ചതും തുടർന്ന് റെസ്യൂം ചെയ്തതുമായ 10,01,213/-രൂപ (പത്ത് ലക്ഷത്തി ആയിരത്തി ഇരുനൂറ്റി പതിമൂന്ന് രൂപ) 2515 -00 -102 -29 പ്ലാൻ ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും കുടുംബശ്രീയുടെ 799012700000079 നമ്പർ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിച്ചും തുക മാറി നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസറെ ചുമതലപ്പെടുത്തിയും പരാമർശം പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവ് ചുവടെ ചേർക്കുംപ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രോയിങ് & ഡിസ്ബേഴ്സിങ് ഓഫീസർ പ്രസ്തുത തുകയ്ക്ക് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് BAMS അലോക്കേഷൻ നൽകേണ്ടതും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതുമാണ്.

4. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ ബി എ & എ) കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്.
ധനകാര്യ (വനിതാ ശിശുവികസന) വകുപ്പ് (WCD-3/148/2024-Fin.)
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
*(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

സ്റ്റോക്ക് ഫയൽ (FM1/206/2024-LSGD) / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 19-02-2026 14:29:55

സെക്ഷൻ ഓഫീസർ